# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 651 — 01/12/2015-ൽ മറുപടിക്ക്

### ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി പുനരധിവാസ വികസന മിഷന്റെ കീഴിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും | 1) <u>അംബം കുടിവെള്ള പദ്ധതി (32.7 ലക്ഷം രൂപ) – വാട്ടർ അതോറിറ്റി മുഖേന</u><br>സുഗന്ധഗിരി പുനരധിവാസ മേഖലയിൽ വരുന്ന അംബം കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. റോഡരികിൽ 23 ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 70 കുടുംബങ്ങൾ വെള്ളം ഉപയോഗിക്കാറുണ്ട്.<br><br>2) <u>പൂക്കോട്കുന്ന് കുടിവെള്ള പദ്ധതി (29 ലക്ഷം രൂപ – വാട്ടർ അതോറിറ്റി മുഖേന)</u><br>വൈത്തിരി പഞ്ചായത്തിലെ കുന്നത്ത് ഇടവക പുനരധിവാസ മേഖലയിൽ വരുന്ന പൂക്കോട്കുന്ന് കുടിവെള്ള പദ്ധതിയ്ക്കായുള്ള കിണർ നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ ടാങ്ക് നിർമ്മാണം എന്നീ വർക്കുകൾ കഴിഞ്ഞു. ടാപ്പ് ഫിറ്റ് ചെയ്ത് കറണ്ട് കണക്ഷൻ ലഭിക്കുന്നതോടെ പദ്ധതി പൂർത്തീകരിക്കാം.<br>3) <u>ചെന്നായ്ക്കവല – അംബ റോഡ് നിർമ്മാണം (2.3 കോടി രൂപ – PWD മുഖേന)</u><br>പൊഴുതന പഞ്ചായത്തിൽ വരുന്ന സുഗന്ധഗിരി പുനരധിവാസ മേഖലയിലെ റോഡ് നിർമ്മാണം അംബ മുതൽ പ്ലാന്റേഷൻ വരെയുള്ള ഭാഗം താറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്.<br>4) <u>ക്ഷീര വികസന പദ്ധതി (2.33 കോടി രൂപ മിൽമ മലബാർ യൂണിറ്റ്)</u><br>സുഗന്ധഗിരിയിൽ ക്ഷീരവികസന പദ്ധതിയിലേയ്ക്ക് 50 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ 46 പേർ തൊഴുത്ത് നിർമ്മാണം പൂർത്തീകരിച്ചു. ഇവർക്ക് പശുക്കളെ വിതരണം ചെയ്തു. 44 ഗുണഭോക്താക്കൾക്ക് കിടാരികളെയും വിതരണം ചെയ്തു. പശുക്കളെ ലഭിച്ച ഗുണഭോക്താക്കൾക്ക് കാലിത്തീറ്റയും വിതരണം ചെയ്തു വരുന്നു. |
| (ബി) | ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | | |

| | | |
|---|---|---|
| | | 5) ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി (25 സെന്റ് മുതൽ ഒരേക്കർ വരെ 10 ലക്ഷം രൂപ നൽകി ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി<br>14,60,20,210/- രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകി.<br>6) സിക്കിൾ സെൽ അനീമിയ രോഗികൾക്ക് മുൻഗണന നൽകി ഭൂരഹിതർക്ക് ഒരേക്കർ ഭൂമി വീതം നൽകുന്ന പദ്ധതിയ്ക്കായി 50,00,00,000/- രൂപ അനുവദിച്ചു. |

**സെക്ഷൻ ഓഫീസർ**